**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4517 | 25.06.2019 -ൽ മറുപടിക്ക്

**<u>പൊതുവിദ്യാലയങ്ങളിലെ കായിക അദ്ധ്യാപക നിയമനം</u>**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ കായിക വിദ്യാഭ്യാസം സംബന്ധിച്ച പാഠപുസ്തകങ്ങളും, തിയറിയും, പ്രാക്ടിക്കൽ പരീക്ഷയും നിലവിലുണ്ടെങ്കിലും പ്രസ്തുത വിഷയം പഠിപ്പിക്കുവാനാവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ; | (എ) കെ.ഇ.ആർ ചട്ട പ്രകാരം തസ്തിക അനുവദിക്കുവാൻ ആവശ്യമായ കുട്ടികൾ ഉള്ള എല്ലാ സ്കൂളുകളിലും തസ്തിക അനുവദിച്ച് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത ജില്ലകളിൽ ഒഴിവുള്ള സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. |
| (ബി) യു.പി.സ്കൂളുകളിലും, ഹൈസ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം കാലോചിതമായി പരിഷ്കരിച്ച് പ്രസ്തുത അദ്ധ്യാപകരെ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി ഓരോ വർഷത്തേയും തസ്തിക നിർണ്ണയത്തിൽ കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുള്ളതും ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ